# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ് .എ .ടി.എസ്. ആർ. (പി9)1524/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020
തീയ്യതി: 24/02/2026
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ് .എ .ടി.എസ്. ആർ. (പി9)1524/25 തീയ്യതി: 24/02/2026

## തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 04-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 05-11-2025 | 13-11-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-11-2025 | 13-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ബേബി പി.വി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

സിനിലാൽ എം ജി., ഓഡിറ്റ് ഓഫീസർ (05.11.2025 മുതൽ 06.11.2025 വരെ)

അനീറ്റ ഡോമിനിക്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ലക്ഷ്മിപ്രിയ പി.ഒ. , ഓഡിറ്റർ

ഷീഗ സി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീദേവി ജയരാജൻ | പ്രസിഡന്റ് | 01-04-2024 | 30-11-2024 |
| കെ. പി ആലി | പ്രസിഡന്റ് | 01-12-2024 | 20-12-2024 |
| ദിൽന ധനേഷ് | പ്രസിഡന്റ് | 21-12-2024 | 31-03-2025 |
| ബിജു ആനന്ദ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 10-04-2024 |
| സലാഹുദ്ദീൻ പി. പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-04-2024 | 06-05-2024 |
| ബിജു ആനന്ദ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-05-2024 | 31-05-2024 |
| രാജലക്ഷ്മി കെ. ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2024 | 22-09-2024 |
| കെ. എസ് ജോസ്മോൻ | സെക്രട്ടറി | 23-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിജു ആനന്ദ് | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്) | 01-04-2024 | 10-04-2024 |
| സലാഹുദ്ദീൻ പി. പി | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്) | 11-04-2024 | 06-05-2024 |
| ബിജു ആനന്ദ് | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്) | 07-05-2024 | 31-05-2024 |
| രാജലക്ഷ്മി കെ. ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2024 | 23-10-2024 |
| സിന്ധു കെ | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്) | 24-10-2024 | 27-10-2024 |
| ശ്രീനാഥ് പി. ആർ | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്) | 28-10-2024 | 29-10-2024 |
| റെജി കെ. ജെ | അസിസ്റ്റന്റ് സെക്രട്ടറി | 30-10-2024 | 31-03-2025 |
| ബാബു കെ പോൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| രജിത എൻ. ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| അമല ജെ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഷീന ജോസഫ് | ഹെഡ് മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| മോനിഷ എം. എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| രെശ്മി പി.ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 11-08-2024 |
| അനിതകുമാരി പി.എച്ച്. | ഐ.സി.ഡി.എസ്. | 12-08-2024 | 31-03-2025 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ഡോ. രശ്മി എം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ. രാജഗോപാൽ ടി. പി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2024 | 12-08-2024 |
| ഡോ. സുബി രാജഗോപാൽ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 13-08-2024 | 31-03-2025 |
| ഡോ. അർച്ചന അശോകൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. അനീഷ് കുമാർ എസ്.ബി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | MPLADS, ശുചിത്വമിഷൻ ഗ്രാന്റ്- ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-1-1 |
| 3 | ലൈഫ് ഭവന പദ്ധതി- ലോൺ അക്കൗണ്ടിംഗ് അപാകങ്ങൾ | 1-1-2 |
| 4 | ചെലവ് ചെയ്ത തുക ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല | 1-1-3 |
| 5 | Capital Work In Progress ശീർഷകത്തിലേക്ക് പാർട്ട് ബിൽ തുകകൾ മാറ്റിയിട്ടില്ല | 1-1-4 |
| 6 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-7 |
| 9 | ബാങ്ക് റീകൺസിലിയേഷൻ പത്രിക- അപാകം | 1-1-8 |
| 10 | വസ്തുനികുതി- വാർഷിക കണക്കും സഞ്ചയ ഡി.സി.ബി. യും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും സുലേഖ സ്റ്റേറ്റ്മെന്റ് / ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | ഫണ്ട് വിനിയോഗം | 1-3 |
| 15 | പദ്ധതി അവലോകനം | 1-4 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 17 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-6 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 20 | തൊഴിൽ നികുതി പരിഷ്കരണം പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല | 1-9 |
| 21 | വാടക- അപാകങ്ങൾ | 1-10 |
| 22 | മൊബൈൽ ടവറിന് കെട്ടിട നമ്പർ അനുവദിക്കുകയോ വസ്തു നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല | 1-11 |
| 23 | സ്കൂളുകളിലെ അനധികൃത നിർമ്മാണം ക്രമ വൽക്കരിക്കേണ്ടതാണ് | 1-12 |
| 24 | ലേലം - അപാകങ്ങൾ | 1-13 |
| 25 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-14 |
| 26 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-15 |
| 27 | തുക മുൻകൂർ നൽകിയെങ്കിലും മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല | 1-16 |
| 28 | ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ -വാങ്ങലുകളിലെ അപാകങ്ങൾ | 1-17 |

| | | |
|---|---|---|
| 29 | ലോഗ് ബുക്ക് - അപാകങ്ങൾ | 1-18 |
| 30 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകം-ജി.എസ്.ടി. അനുവദിച്ചത് നിയമാനുസൃതമല്ല | 1-19 |
| 31 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകം-മണ്ണ് കഴിച്ചതിന് അധിക തുക നൽകി | 1-20 |
| 32 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-21 |
| 33 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാരുടെ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ് | 1-22 |
| 34 | ജൽജീവൻ മിഷൻ - അവലോകനം | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് തൻവർഷം ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | വായ്പ/വായ്പാ തിരിച്ചടവ് | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24.06.2025 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 07.07.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**
**തീയതി : 24.02.2026**
**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

## 1-1-1 MPLADS, ശുചിത്വമിഷൻ ഗ്രാന്റ്- ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

എം.പി.യുടെ പ്രാദേശിക വികസന ഫണ്ട്, ശുചിത്വമിഷൻ ഗ്രാന്റ് എന്നിവ ഉപയോഗിച്ച് പഞ്ചായത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1-1. എം.പി.യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് രണ്ടാം വാർഡിൽ 102 മീറ്റർ നീളത്തിൽ നിർമ്മാണം പൂർത്തീകരിച്ച കോൺക്രീറ്റ് റോഡിന്റെ (നേതാജി റോഡ്) ചെലവ് വിവരങ്ങൾ :

| പ്രവൃത്തിയുടെ പേര് | ബിൽ വിവരം | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|---|
| രണ്ടാം | 1st & | 525844/03.04.24 | 6,83,796 (IT,GST,KCWWF |

| | | | |
|---|---|---|---|
| വാർഡിൽ 102 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡ് (നേതാജി റോഡ്) നിർമ്മാണം | Part Bill | | എന്നിവ ഉൾപ്പെടെ **7,23,660)** |
| | 2nd & Final Bill | 808949/23.05.2024 | 46,542 (IT,GST,KCWWF,Retention Amount എന്നിവ ഉൾപ്പെടെ **60,296)** |

1-2. ശുചിത്വമിഷൻ ഗ്രാന്റ് ഉപയോഗിച്ച് വാർഡ് 11 ൽ സാനിറ്ററി കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി (പ്രൊജക്ട് നമ്പർ 52/25-സാനിറ്ററി കോംപ്ലക്സ് സ്ഥാപിക്കൽ) ട്രഷറി പേയ്മെന്റായി 30.03.2025 തീയതിയിൽ കരാറുകാരന് കൈമാറിയ 2,08,192 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (BRN നമ്പർ 24130652012701723521).

മേൽ പ്രൊജക്ടുകളിലായി ചെലവഴിച്ച തുക 2025-26 സാമ്പത്തിക വർഷത്തിൽ ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റും ഉചിതമായ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ക്രെഡിറ്റും ചെയ്യേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 10/11.11.2025)

## 1-1-2 ലൈഫ് ഭവന പദ്ധതി- ലോൺ അക്കൗണ്ടിംഗ് അപാകങ്ങൾ

1. ലോൺ തുക ബാധ്യതാ ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല
ലൈഫ് ഭവന പദ്ധതിക്കായി KURDFC ലോൺ വരവ് വെയ്ക്കുന്ന State Bank Of India (38061084138) യുടെ ബാങ്ക് അക്കൗണ്ടിൽ 11.11.2024ൽ 6,60,000 രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക, 330500201-Secured Loans- Loan From KURDFC എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുന്നതിന് പകരം 320300199-Grants, Funds & Contributions For Specific Purposes - Other Government Agencies എന്ന ശീർഷകത്തിൽ തെറ്റായി ക്രെഡിറ്റ് ചെയ്തു. അതിനാൽ 330500201-Secured Loans- Loan From KURDFC എന്ന ശീർഷകത്തിൽ 6,60,000 രൂപയുടെ ലോൺ ബാധ്യത ഉൾപ്പെട്ടിട്ടില്ല.
2.ലോൺ തുകയിൽ നിന്നും ലഭിക്കുന്ന പലിശ കൃത്യമായി ക്രമീകരിക്കുന്നില്ല
330500202 -Secured Loans - Loan From HUDCO എന്ന ശീർഷകത്തിൽ ബാങ്ക് പലിശ 8,357 രൂപ ക്രെഡിറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. 2024- 25 സാമ്പത്തിക വർഷത്തിൽ ലോൺ തുകയ്ക്ക് ആനുപാതികമായി ലഭിച്ച പലിശ 27,679 രൂപ (8,357 ഉൾപ്പെടെ) 350120101 I Interest Accrued & Due - Loans എന്ന ശീർഷകത്തിൽ ബുക്ക് ചെയ്ത് 320100999 Other Liabilities എന്ന ശീർഷകത്തിലേക്ക് ക്രമീകരിക്കേണ്ടതാണ്.

## 1-1-3 ചെലവ് ചെയ്ത തുക ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല

**1.മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല**

2024-25 വർഷത്തിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതിയുടെ നിർവ്വഹണത്തിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുമ്പോൾ മാത്രം ആയത് ആസ്തി ശീർഷകത്തിൽ ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് / ആസ്തി ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| പ്രൊജക്ട് നമ്പറും പേരും | തുക (ഫണ്ടിനം) | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | തുക / വൗച്ചർ നമ്പർ / തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ചെലവ് ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 208/25 -ബാലസൗഹൃദ പഞ്ചായത്ത് 29-ാം നമ്പർ അങ്കണവാടി കുടിവെള്ളം ലഭ്യമാക്കൽ | 45,000 Maintenanace Fund Non Road | Ground Water Department | 45,000 42401494/ 25.03.2025 | 414170005-Infrastructure Facilities For Anganwadi-Drinking Water | 460500204-Advance To Implementing Agencies-Deposit With Ground Water Department |

**2. മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക റവന്യൂ ചെലവായി രേഖപ്പെടുത്തി**

വികസന ഫണ്ട് -ജനറലിൽ നിന്നും മൂലധന പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകൾ തുക ചെലവ് ചെയ്ത ഉദ്ദേശം പ്രതിഫലിക്കുന്ന ഉചിതമായ ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്യാതെ റവന്യൂ ചെലവായി രേഖപ്പെടുത്തി. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപ്പെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | വൗച്ചർ നമ്പർ/ തീയതി | തുക(₹) | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ചെലവ് ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|
| 185/25 Construction Of Smaraka Square At Mullassery Gramapanchayath | 42401434/ 14.05.2024 | 2,99,978 | 251101303 | ഉചിതമായ ആസ്തി ശീർഷകം |

## 1-1-4 Capital Work In Progress ശീർഷകത്തിലേക്ക് പാർട്ട് ബിൽ തുകകൾ മാറ്റിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ പാർട്ട് ബിൽ നല്കിയ താഴെ ചേർത്തിട്ടുള്ള പ്രവൃത്തികൾക്ക് തുല്യമായ തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-11(B)) Capital Work In Progress-ൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പറും പേരും | ഫണ്ടിനം | തുക | വൗച്ചർ നമ്പർ / തീയതി |
|---|---|---|---|---|
| 1 | 265/25- ഫാമിലി വെൽനെസ്സ് സെന്റർ | Health Grant | 1)4,73,494<br>2)5,03,921 | **1)42400925/20.01.2025**<br>**2)42401236/25.03.2025** |
| 2 | 260/25- നമോറോഡ് ഇന്റർലോക്ക് വിരിക്കൽ | CFC | **2,25,000** | **42401250/29.03.2025** |
| 3 | 223/25 അന്നകര കാടത്തോട് സംരക്ഷണം | നഗരസഞ്ചയ പദ്ധതി | 37,64,916 | **42401825/31.03.2025** |

## 1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ എന്ന ഇനത്തിൽ ചെലവഴിക്കാൻ 31.3.2025ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| ക്രമനമ്പർ | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320100104 | Development Fund- CFC Grant- Basic Tax Grant | 1504291 | 450210101 | SIB - (0051053000046917PFms) | 6627990 |
| 2 | 320200113 | Development | 5010744 | | | |

| | | | | | | |
|---|---|---|---|---|---|---|
| | | Fund- CFC Grant- Tied Fund | | | | |
| Total | | | 65,15,035 | Total | | 66,27,990 |
| 3 | 320100202 | Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | 9,95,264 | | Canara Bank (KL278) ( 110044224808) | 10,22,298 |
| 4 | 320100203 | Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | 19,20,651 | 450210101 | Canara Bank (KL280) ( 110044232988) | 19,58,443 |
| 5 | 320100204 | Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | 6,30,506 | | Canara Bank (KL281) ( 110044224823) | 6,29,279 |

## 1-1-6 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 81,55,078 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -5,86,94,380 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-7 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, വാർഷികകണക്കുകളിൻമേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-1-8 ബാങ്ക് റീകൺസിലിയേഷൻ പത്രിക- അപാകം

CFC ഗ്രാന്റുകൾക്കായി ഉപയോഗിക്കുന്ന സൗത്ത് ഇന്ത്യൻ ബാങ്ക് മുല്ലശ്ശേരി ബ്രാഞ്ചിലെ 0051053000046917 നമ്പർ ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, 31.03.2025 തീയതിയിലെ ബാങ്ക് ബാലൻസ് 66,31,831 രൂപയാണ്. എന്നാൽ പ്രസ്തുത ബാങ്കിന്റെ റീകൺസിലിയേഷൻ പത്രികയിൽ 31.03.2025 തീയതിയിലെ പാസ്ബുക്ക് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 67,64,870 രൂപയാണ്.

## 1-1-9 വസ്തുനികുതി- വാർഷിക കണക്കും സഞ്ചയ ഡി.സി.ബി. യും പൊരുത്തപ്പെടുന്നില്ല

**ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 " Other Liabilities"** എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.3.2025 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും (LC ഉൾപ്പെടുന്ന തുക) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ ( LC ഉൾപ്പെടുന്ന തുകയാണിത്) | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101- Advance Collection Of Revenues - Property Tax On Residential Building | 3,23,983 | 2,58,747 |
| 2 | 350410101- Advance Collection Of Revenues - Property Tax On Non-Residential Building | 50,244 | 31,755 |

## 1-1-10 വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും സുലേഖ സ്റ്റേറ്റ്മെന്റ് / ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല.

താഴെ കൊടുത്തിരിക്കുന്ന ഫണ്ട് ഇനത്തിലെ ചെലവുകൾ സുലേഖ /ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരവും ഉള്ള ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വാർഷിക ധനകാര്യ പത്രിക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്- ചെലവ് പത്രിക | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട്- ജനറൽ (I-6+B-3) | 1,61,97,990 | 1,52,24,954 | 9,73,036 |

## 1-1-11 രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല.

A. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം താഴെ പറയുന്ന പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ടുകൾ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 ൽ ഇല്ല. ആയതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. എന്നാൽ

അവയുടെ വരവ് ചെലവ് വിവരങ്ങൾ സംബന്ധിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ നീക്കിയിരിപ്പുകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി4 | | | |
|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
| 1 | 320100111 | Centraly Sponsored Schemes Under The Macro Management Policy | 1,71,845 |
| 2 | 320100125 | Intergrated Child Development Service | 2,61,414 |
| 3 | 320100149 | National Rural Health Mission | 50,599 |
| 4 | 320100195 | Grants/Funds For Pandemic/Epidemic Control | 50,000 |
| 5 | 320100196 | Integrated Child Developement Scheme | 9,53,807 |
| 6 | 320100197 | Literacy Grant | 98,371 |
| 7 | 320100198 | Suchitwa Mission | 5,000 |
| 8 | 320100999 | Other Liabilities | 46,424 |
| 9 | 320200399 | Grants, Funds & Contributions For Specific Purposes - Other Than Development<br>Fund And State Sponsored Scheme Funds - Other Purposes | 5,00,000 |
| 10 | 320300199 | Grants, Funds & Contributions For Specific Purposes - Other Government Agencies | 13,57,204 |
| 11 | 320900101 | Donations To CMDRF | 59,371 |

B.അഡ്വാൻസ് രജിസ്റ്റർ, ഓരോ വർഷവും കാരിഓവർ ചെയ്ത് എഴുതുന്നില്ല. തന്മൂലം ഓരോ ഇനത്തിലും നല്കിയ അഡ്വാൻസ് തുകകളിൽ തൻവർഷം ക്രമീകരിച്ച തുകകളുടെ വിവരങ്ങൾ വ്യക്തമല്ല. അഡ്വാൻസ് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കാത്തതിനാൽ B-18, RP-49 എന്നിവയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയതിയതി | 14.02.2024 | |
| കമ്മിറ്റിതീരുമാനം | I(1) | |
| പ്രതീക്ഷിതവരവ്, ചെലവ്എന്നിവ | വരവ് | ചെലവ് |
| | 27,54,82,367 | 26,68,31,500 |
| റിവൈസ്ഡ്ബജറ്റ് | | |
| പാസ്സാക്കിയതിയതി<br>കമ്മിറ്റിതീരുമാനം<br>റിവൈസ്ഡ് ബജറ്റ് | 27.03.2025 | |
| കമ്മിറ്റിതീരുമാനം | I(1) | |
| | | |

| പ്രതീക്ഷിതവരവ്, ചെലവ്എന്നിവ | വരവ് | ചെലവ് |
|---|---|---|
| | 24,73,29,343 | 24,51,49,670 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക* |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | | 0 | 1,61,98,000 | 1,61,98,000 | 1,61,97,990 | *10 |
| വികസന ഫണ്ട്- എസ്.സി.പി (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | | 0 | 76,29,000 | 76,29,000 | 76,29,000 | 0 |
| മെയിന്റനൻസ്, റോഡ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | | | 98,46,000 | 98,46,000 | 83,55,790 | *14,90,210 |
| മെയിന്റനൻസ്, നോൺ-റോഡ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | | | 43,65,000 | 43,65,000 | 37,82,883 | *5,82,117 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic) | ട്രഷറി | 0 | 1,11,663 | 1,11,663 | 1,11,663 | 0 |
| | ബാങ്ക് | 23,21,731 | 28,29,701 | 51,51,432 | 36,47,141 | 15,04,291 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | ട്രഷറി | 0 | 13,54,570 | 13,54,570 | 9,94,070 | *3,60,500 |
| | ബാങ്ക് | 12,90,303 | 59,89,000 | 72,79,303 | 22,68,559 | 50,10,744 |
| ഹെൽത്ത് ഗ്രാന്റ് – രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | 9,93,386 | 3,59,082 | 13,52,468 | 3,57,204 | 9,95,264 |
| ഹെൽത്ത് ഗ്രാന്റ് – പി.എച്ച്.സി-കളെയും സബ്സെന്ററുകളെയും ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങളാക്കി മാറ്റൽ | | 28,05,500 | 92,566 | 28,98,066 | 9,77,415 | 19,20,651 |
| ഹെൽത്ത് ഗ്രാന്റ് – പി.എച്ച്.സി-കൾക്കും സബ്സെന്ററുകൾക്കും കെട്ടിടം | | 4,48,456 | 5,78,576 | 10,27,032 | 3,96,526 | 6,30,506 |

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയപ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 249 | 12,71,41,346 | 182 | 5,92,78,947 | 46.62% | 73% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| *ഭരണചെലവുകൾ | 0 | 19,99,985 | 19,99,985 | 19,99,985 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,95,13,396 | 1,95,13,396 | 1,95,13,396 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 17,95,968 | 17,95,968 | 17,95,968 | 0 |
| ആകെ | 0 | 2,33,09,349 | 2,33,09,349 | 2,33,09,349 | 0 |

*തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള പലിശയിനത്തിൽ ലഭിച്ച 12,455 രൂപ ഉൾപ്പെടെയുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-6 സാമൂഹ്യ ക്ഷേമപദ്ധതികൾ

| പദ്ധതിയുടെപേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളിപെൻഷൻ | 54,46,400 | 304 |
| വിധവാപെൻഷൻ | 1,59,42,700 | 1030 |
| വാർദ്ധക്യകാലപെൻഷൻ | 2,85,03,200 | 1897 |
| വികലാംഗപെൻഷൻ | 37,81,500 | 240 |
| 50 വയസ്സിനുമേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 20,81,800 | 128 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60,000 | 2 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.11.25 തീയതിയിൽ 3.30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,688 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 തൊഴിൽ നികുതി പരിഷ്കരണം പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പ് 27.06.2024 തീയതിയിൽ സ.ഉ.(സാധാ.)നമ്പർ 1149/2024/LSGD നമ്പർ ഉത്തരവിലൂടെ ആറാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം പഞ്ചായത്തുകളിലെ തൊഴിൽ നികുതി സ്ലാബുകൾ 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചിരുന്നു. 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 458 വാണിജ്യ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി മുൻകൂറായി സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഒന്നാം അർദ്ധവർഷത്തിൽ 300, 450, 600 എന്നീ നിരക്കുകളിൽ തൊഴിൽ നികുതി

ഈടാക്കിയിരുന്ന സ്ഥാപന ഉടമകളിൽ നിന്നും രണ്ടാം അർദ്ധവർഷത്തിലും അതേ നിരക്കിൽ തന്നെയാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം രണ്ടാം അർദ്ധ വർഷത്തിൽ നടപ്പിലാക്കേണ്ടിയിരുന്ന പരിഷ്കരണത്തിന്റെ ഭാഗമായുള്ള വർദ്ധിച്ച നിരക്കിലുള്ള നികുതി വാണിജ്യ വ്യവസായ സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള നികുതിയോ, ചട്ടം 5, 6 അനുസരിച്ച് ടേൺ ഓവറിനെ അടിസ്ഥാനപ്പെടുത്തിയുള്ള നികുതിയോ ഈടാക്കാമെന്നിരിക്കെയും തൊഴിൽ നികുതി സ്ലാബ് നിശ്ചയിക്കുന്നതിനുള്ള വരുമാനം സംബന്ധിച്ച് രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി നികുതി നികുതിയിതര വരുമാനങ്ങൾ പിരിച്ചെടുക്കുവാൻ ശ്രദ്ധ പതിപ്പിക്കേണ്ടതാണ് .
(ഓഡിറ്റ് എൻക്വയറി നമ്പർ 6/10.11.25)

## 1-10 വാടക- അപാകങ്ങൾ

2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു .

1. **2024-25 സാമ്പത്തിക വർഷത്തിൽ വാടക ഒന്നും തന്നെ അടവാക്കിയിട്ടില്ല**

ചുവടെ ചേർത്തിട്ടുള്ള കെട്ടിട മുറികൾ 2024-25 സാമ്പത്തിക വർഷത്തിൽ വാടക ഒന്നും തന്നെ അടവാക്കിയിട്ടില്ല.

| വാടകക്കാരന്റെ പേര് | മുറി നമ്പർ |
|---|---|
| ഷെബിൻ, പാണ്ടിയത്ത് വീട് | 11/321 |
| അഖിലേഷ് പഴഞ്ചേരി വീട് | 4/163 ബി |
| മണി.പി.സി | 4/163 സി |
| പ്രദീപൻ. കെ.വി | 4/163 ഡി |

വാടക അടവാക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഉണ്ട്. ടി മുറികളുടെ നിലവിലെ അവസ്ഥയും ടി കട മുറികൾ മറ്റ് വ്യക്തികൾക്ക് വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ലേലം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി വ്യാപാരസ്ഥാനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും വീണ്ടും വാടകക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2.**റെന്റ് ഡെപോസിറ്റിൽ നിന്നും വാടക അഡ്ജസ്റ്റ് ചെയ്തിരിക്കുന്നു**

വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വാടകക്കാരന്റെ പേര് | മുറി നമ്പർ |
|---|---|
| സുബ്രമണ്യൻ ഇ. എ. എളയേടത്ത് വീട് | 14/44 |
| മുഹമ്മദ് അനീസ്, അമ്പലത്ത് വീട്ടിൽ | 14/45 |
| മണികണ്ഠൻ ടി.എ, തയ്യപ്പുള്ളി വീട് | 11/313 |
| ദീപ കോനേടത്ത്, കോനേടത്ത് വീട് | 11/323ഡി |

മേൽ കട മുറികളുടെ റെന്റ് ഡെപോസിറ്റിൽ നിന്നും വാടക അഡ്ജസ്റ്റ് ചെയ്താണ് 2024-25 സാമ്പത്തിക വർഷത്തെ വാടക ഈടാക്കിയിട്ടുള്ളത്. നിലവിലും കടമുറികൾ ടി വ്യക്തികൾ തന്നെയാണ് ഉപയോഗിച്ചു വരുന്നത് എന്നിരിക്കെ റെന്റ് ഡെപോസിറ്റിൽ നിന്നും വാടക അഡ്ജസ്റ്റ് ചെയ്തതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കരാറിൽ ഏർപ്പെട്ടിട്ടുള്ള വ്യക്തികൾ നിയമാനുസൃതം കടമുറികൾ ഒഴിയുന്നത് വരെ റെന്റ് ഡെപോസിറ്റിൽ നിന്നും വാടക അഡ്ജസ്റ്റ് ചെയ്യുന്നത് ഉചിതമല്ല.
ക്രമ നമ്പർ ഒന്നിൽ സൂചിപ്പിച്ചിട്ടുള്ള കടമുറികൾ വീണ്ടും വാടകക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ക്രമ നമ്പർ രണ്ടിൽ റെന്റ് ഡെപോസിറ്റിൽ നിന്നും അഡ്ജസ്റ്റ് ചെയ്ത തുക തിരികെ ക്രമീകരിക്കേണ്ടതും ആയതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ: 7/11.11.25)

## 1-11 മൊബൈൽ ടവറിന് കെട്ടിട നമ്പർ അനുവദിക്കുകയോ വസ്തു നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല

പെർമിറ്റ് രജിസ്റ്റർ ഫയൽ നമ്പർ 5703/23 പരിശോധിച്ചതിൻ പ്രകാരം വാർഡ് നമ്പർ ഒന്നിൽ റീസർവ്വേ

നമ്പർ 14/1-T2 (മുല്ലശ്ശേരി വില്ലേജ്, ചാവക്കാട് താലൂക്ക്) ൽ ഉൾപ്പെട്ട 4 സെന്റ് സ്ഥലത്തു മൊബൈൽ ടവർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനം റെസിപ്റ്റ് നമ്പർ 1230100608/G080702 തീയതി 26.09.23 പ്രകാരം 10,000 രൂപ അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും അനുമതി നല്കിയിട്ടുണ്ട്. 4.11.24 ൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയതിനെ തുടർന്ന് നിർമ്മാണത്തിൽ ന്യൂനതകൾ കാണിച്ച് പഞ്ചായത്തിൽ നിന്നും 31.12.2024 തീയതിയിൽ കത്ത് ടി കമ്പനിക്ക് അയച്ചിട്ടുണ്ട്. പിന്നീട് തുടർനടപടികൾ സ്വീകരിക്കുകയോ കെട്ടിട നമ്പർ അനുവദിക്കുകയോ ചെയ്തതായി ഫയലിൽ രേഖകളില്ല. വസ്തു നികുതി ഡാറ്റ ബേസ് ആയ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൻ പ്രകാരവും ബന്ധപ്പെട്ട സെക്ഷനിൽനിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരവും വാർഡ് നമ്പർ ഒന്നിൽ മൊബൈൽ ടവറുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. എന്നാൽ 11.11.25 ൽ ഓഡിറ്റും LSGD സാങ്കേതിക വിഭാഗവും ചേർന്ന് നടത്തിയ സ്ഥല പരിശോധനയിൽ ടി ടവർ ഒരു വർഷമായി പ്രവർത്തിച്ച് വരുന്നതായി മനസിലാക്കാൻ കഴിഞ്ഞു.

ടി മൊബൈൽ ടവറിന് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും അനുവദിച്ചിട്ടില്ലെങ്കിൽ ആയത് നൽകാനുള്ള തുടർ നടപടികൾ സ്വീകരിക്കുവാനും ടവർ പ്രവർത്തിച്ച് വരുന്ന കാലം മുതൽ വസ്തു നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി ടവറിന് കെട്ടിട നമ്പർ അനുവദിക്കുന്നതിനും മുൻകാല പ്രാബല്യത്തോടെ വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കെട്ടിട നമ്പർ അനുവദിച്ച് വസ്തു നികുതി ഈടാക്കി ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ അസ്സെസ്സ്മെന്റ് രജിസ്റ്റർ പ്രകാരം പതിനഞ്ച് വാർഡുകളുള്ള പഞ്ചായത്തിൽ ആകെ അഞ്ച് മൊബൈൽ ടവറുകൾക്കു മാത്രമാണ് കെട്ടിട നമ്പർ നമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കുന്നത്. കൂടുതൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് അന്വേഷണം നടത്തി ഉണ്ടെങ്കിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 16/12.11.25)

## 1-12 സ്കൂളുകളിലെ അനധികൃത നിർമ്മാണം ക്രമ വൽക്കരിക്കേണ്ടതാണ്

01.06.2007 തീയതിയിലെ ജി.ഒ.(ആർ.ടി) 2427/2007/പൊതുവിദ്യാഭ്യാസം നമ്പർ ഉത്തരവ് പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ അൺഎയ്ഡഡ് ഉൾപ്പടെയുള്ള സ്കൂളുകളിൽ പരിശോധന നടത്തേണ്ടതും സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതുമാണ്. 30.12.2016 തീയതിയിലെ 792455 ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രീ-പ്രൈമറി സ്കൂളുകൾ ഉൾപ്പടെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളും അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുൻപായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ അനുവദിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എടുക്കേണ്ടതാണെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല എന്ന് സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 12.09.2011 തീയതിയിലെ 42448ഇഡബ്ല്യു3/2011/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ പ്രകാരം നിയമാനുസൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്കു മാത്രമാണ് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നത്.

പഞ്ചായത്തിലെ അസ്സെസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള ശ്രീ ഗുരുദേവ വിദ്യ നികേതൻ സെൻട്രൽ സ്കൂൾ, പേനകം, വിവേകാനന്ദ ഇ.എം സ്കൂൾ, മുല്ലശ്ശേരി എന്നി സ്കൂളുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാഭ്യാസ സ്ഥാപനം | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച .മീ ) |
|---|---|---|---|
| 1 | ശ്രീ ഗുരുദേവ വിദ്യ നികേതൻ സെൻട്രൽ സ്കൂൾ , പേനകം | 4/330 | 325 |
| 2 | വിവേകാനന്ദ ഇ . എം സ്കൂൾ, മുല്ലശ്ശേരി | 12/160 | 7 |

11.11.2025 തീയതിയിൽ LSGD സാങ്കേതിക വിഭാഗവും ഓഡിറ്റും ചേർന്ന് നടത്തിയ സ്ഥല പരിശോധനയിൽ ശ്രീ ഗുരുദേവ വിദ്യ നികേതൻ സെൻട്രൽ സ്കൂൾ, പേനകം എന്ന സ്ഥാപനത്തിന്റെ ഒരു ബ്ലോക്കിന് മാത്രമാണ് കെട്ടിടനമ്പർ അനുവദിച്ചിരിക്കുന്നത് എന്ന് മനസിലാക്കാൻ കഴിഞ്ഞു. 500 ച.മീറ്ററിലും കൂടുതൽ വിസ്തീർണ്ണമുള്ള മറ്റൊരു ബ്ലോക്കിന് കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല. എന്നാൽ 24.05.2024 തീയതിയിൽ പഞ്ചായത്തിൽ നിന്നും അനുവദിച്ച ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം ഈ രണ്ട് ബ്ലോക്കിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

വിവേകാനന്ദ ഇ.എം സ്കൂൾ, മുല്ലശ്ശേരി എന്ന സ്കൂളിൽ നടത്തിയ സ്ഥല പരിശോധനയിൽ ഏകദേശം 500 ച

.മീറ്റർ വിസ്തീർണ്ണത്തിൽ പഴയ സ്കൂൾ കെട്ടിടങ്ങളും 109.02 ച.മീ വിസ്തീർണത്തിൽ പുതിയ ഒരു ബ്ലോക്കും നിലവിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് മനസിലാക്കാൻ കഴിഞ്ഞു. ഈ പുതിയ ബ്ലോക്കിന് എ3-ബി എ (256973)/2025 തീയതി 6.08.2024 നമ്പർ പ്രകാരം വാണിജ്യ ഉപയോഗക്രമത്തിൽ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ വാണിജ്യ ഉപയോഗക്രമത്തിൽ പെർമിറ്റ് അനുവദിച്ചിരിക്കുന്ന കെട്ടിടത്തിൽ നിലവിൽ വിദ്യാഭ്യാസ ആവശ്യത്തിനായുള്ള ക്ലാസ് മുറികൾ പ്രവൃത്തിച്ച് വരുന്നതായി കാണാൻ കഴിഞ്ഞു. പഞ്ചായത്തിന്റെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം ആകെ 7 ച.മീ വിസ്തീർണ്ണം മാത്രമുള്ള ടി കെട്ടിടത്തിന് 2024-25 സാമ്പത്തിക വർഷത്തിൽ 24.05.2024 തീയതിയിൽ പഞ്ചായത്തിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട് .

ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല എന്ന് സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതാണെന്നുള്ള മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലും, നിയമാനുസൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്കു മാത്രമാണ് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് അനുവദിക്കാമെന്നിരിക്കെയും മുകളിൽ സൂചിപ്പിച്ച രണ്ട് വിദ്യാഭ്യാസ സ്ഥാപങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ചതിലുള്ള വൈരുദ്ധ്യത്തിനു വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1) ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനിക്കുടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് കെട്ടിടം ക്രമവൽക്കരിക്കുന്നതു വരെ മേൽ ചട്ടപ്രകാരമുള്ള യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതാണ്.

ടി കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ക്രമവൽക്കരിക്കുന്നതു വരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 17/12.11.25)

## 1-13 ലേലം - അപാകതകൾ

2024-25 സാമ്പത്തിക വർഷത്തിലെ ലേലം രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ സൂചിപ്പിച്ചിട്ടുള്ള അപാകത കണ്ടെത്തിയിട്ടുണ്ട് .

1. EMS കമ്മ്യൂണിറ്റി ഹാളിൽ കൂട്ടിയിട്ടിരിക്കുന്ന സ്ക്രാപ്പ് മെറ്റീരിയലുകളുടെ ലേലവുമായി ബന്ധപ്പെട്ട് ഫയൽ നമ്പർ 2273/24 പരിശോധിച്ചതിൻ പ്രകാരം 27.07.24 ന് ലേലം ചെയ്യുന്നതിനായി 18.07.2024 ൽ ലേലപരസ്യം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 27.07.24 ൽ ലേലം നടത്തുകയും ചെയ്തതായി ഫയലിൽ രേഖകൾ ഉണ്ട്. ആയതിനെ തുടർന്ന് 36,050 രൂപയ്ക്ക് ലേലം വിളിച്ച ശ്രീ. സുന്ദര മൂർത്തി ലേലത്തിൽ നിന്ന് പിന്മാറിയതിനാൽ 36,000 രൂപക്ക് ലേലം വിളിച്ച ശ്രീ. ഫിറോസ്, പള്ളിമഞ്ഞായിൽ വീട് എന്ന വ്യക്തിക്ക് ലേലം ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീട് ടിയാൻ തുക അടവാക്കിയതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ടി ലേലവുമായി ബന്ധപ്പെട്ട് ശ്രീ. ഫിറോസ്, (പള്ളിമഞ്ഞായിൽ വീട് )പണമടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ശ്രീ ഫിറോസ് എന്ന വ്യക്തിയുടെ ലേലം അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിന് 12.08.2024 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ 11(1) പ്രകാരം തീരുമാനിച്ചിട്ടുള്ളതും, എന്നാൽ നിലവിലെ സ്ക്രാപ്പ് മെറ്റീരിയൽ അവിടെ തന്നെ കൂട്ടിയിട്ടിരിക്കുന്ന അവസ്ഥയിലാണെന്നും ആയതിനാൽ പുനർ ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലേലം നടന്ന് ഒരു വർഷം കഴിഞ്ഞിട്ടും ലേലം റദ്ദ് ചെയ്യുകയൊ പുനർ ലേലം നടത്തുകയോ ചെയ്യിട്ടില്ലാത്തത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച യാണ്.

ശ്രീ. സുന്ദര മൂർത്തി ലേലത്തിൽ നിന്ന് പിൻമാറിയതിനാൽ ടിയാന്റെ നിരതദ്രവ്യം കണ്ടുകെട്ടാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ലേലം റദ്ദ് ചെയ്ത് പുനർ ലേലം നടത്തി ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ:21/13.11.25)

## 1-14 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

വി.ഇ.ഒ. നിർവ്വഹണം നടത്തിയ ഭവനനിർമ്മാണപ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു. ലൈഫ് ഭവനനിർമ്മാണപ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന്

നൽകാവുന്ന പരമാവധി ധനസഹായം 4,00,000 രൂപയാണ്.

1. വി.ഇ.ഒ. മുൻ വർഷങ്ങളിൽ (2022-23, 2023-24) നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി പ്രകാരം ധനസഹായം ആദ്യഗഡു കൈപ്പറ്റിയ താഴെ കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | ധനസഹായം കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|
| 1 | സുനിത രാജേഷ്, വെട്ടിക്കൽ വീട് മുല്ലശ്ശേരി | 15.03.2023 | 40,000 |
| 2 | മണി.ഇ.കെ., എളയേടത്ത് വീട്, മുല്ലശ്ശേരി | 15.03.2023 | 40,000 |
| 3 | സുധ മോഹനൻ, കറ്റിപ്പുറത്ത് വീട്, പെരുവല്ലൂർ | 15.03.2023 | 40,000 |
| 4 | ജയ ബാബു കറ്റിപ്പുറത്ത് | 09.05.2024 | 40,000 |
| 5 | സാബിറ കറുപ്പംവീട്ടിൽ | 05.01.2024 | 40,000 |
| 6 | കാർത്ത്യായനി ബാലൻ, പെന്മാട്ട് വീട്, മുല്ലശ്ശേരി | 29.12.2023 | 40,000 |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

2. വി.ഇ.ഒ. നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി പ്രകാരം 2022-23 സാമ്പത്തികവർഷം മുതൽ ധനസഹായം കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | ധനസഹായം കൈപ്പറ്റിയ തീയതി/തുക | ആകെ |
|---|---|---|---|
| 1 | തങ്കമണി വാസു | 29.03.23 - 40,000,<br>27.10.23 - 1,60,000,<br>24.03.24 - 60,000,<br>09.05.24 - 40,000,<br>14.03.25 - 50,000 | 3,50,000 |
| 2 | അയ്യപ്പൻ എ. കെ. | 15.03.23 - 40,000,<br>17.08.23 - 1,60,000,<br>24.03.24 - 60,000,<br>09.05.24 - 40,000,<br>27.03.25 - 50,000 | 3,50,000 |
| 3 | അജിത | 15.03.23 - 40,000,<br>27.10.23 - 1,60,000,<br>11.09.24 - 60,000,<br>12.11.24 - 6505,<br>12.11.24 - 93,495 | 3,60,000 |
| 4 | വാസന്തി ഉണ്ണികൃഷ്ണൻ, കുന്നംപുറത്ത് | 15.03.23 - 40,000,<br>07.08.23 - 1,00,000,<br>06.09.24 - 60,000,<br>12.11.24 - 1,00,000,<br>14.03.25 - 50,000 | 3,50,000 |

| | | | |
|---|---|---|---|
| 5 | സൽഷ വിജീഷ്, അപ്പനാടത്ത് വീട്, മുല്ലശ്ശേരി | 15.03.2023 - 40,000, 14.03.25 - 1,60,000 | 2,00,000 |
| 6 | വള്ളിയമ്മ കോച്ചംവീട്ടിൽ | 21.02.23 - 40,000, 08.12.23 - 1,00,000, 23.03.24 - 1,00,000, 14.03.25 - 50,000 | 2,90,000 |
| 7 | നിത്യ മഹേഷ്, കറ്റിപ്പുറത്ത് വീട്, പെരുവല്ലൂർ | 15.03.2023 - 40,000, 27.03.25 - 1,60,000, | 2,00,000 |
| 8 | ബിന്ദു പെരുവല്ലൂർ | 24.06.23 - 40,000, 04.03.24 - 1,60,000, 06.09.24 - 1,00,000, 07.07.25 - 46,696 | 3,46,696 |

ഭവന നിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

3. പ്രൊജക്റ്റ് നം. 136/25 - ലൈഫ് ഭവനപദ്ധതി (എസ്.സി.) യിലെ ഗുണഭോക്താവായ ജയ ടി.വി. യുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ടി സർട്ടിഫിക്കറ്റ് ഫയലിൽ നിന്നും നഷ്ടപ്പെട്ടതിനാൽ വീണ്ടും ലഭിക്കുന്നതിന് വേണ്ടി ടി ഗുണഭോക്താവ് അപേക്ഷ നല്കിയിരിക്കുകയാണെന്ന് വി.ഇ.ഒ. മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 9/11.11.2025)

## 1-15 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ കൊടുത്തിട്ടുള്ള പ്രൊജക്റ്റുകൾ പ്രകാരം നൽകിയ തുകകളുടെ വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്റ്റ് | അടങ്കൽ | വൗച്ചർ നം./ തിയതി | തുക (₹) | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | 208/25 ബാലസൗഹൃദ പഞ്ചായത്ത് - 29-ാം നമ്പർ അങ്കണവാടി കുടിവെള്ളം ലഭ്യമാക്കൽ | 58,065 (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) | 42401494/ 25.03.25 | 45,000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 2 | 303/25 - വൃത്തി 2025 - ദി ക്ലീൻ കേരള കോൺക്ലേവ് | 25,000 (തനത് ഫണ്ട്) | **42401217/ 24.03.2025** | 25,000 | ശുചിത്വ മിഷൻ |

പ്രൊജക്റ്റുകൾ പൂർത്തീകരിച്ച് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 12/11.11.2025)

## 1-16 തുക മുൻകൂർ നൽകിയെങ്കിലും മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നടപ്പിലാക്കിയ വിവിധ പ്രൊജക്റ്റുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)

| | | |
|---|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | പാലിയേറ്റീവ് കെയർ (42/25) | |
| അടങ്കൽ | 8,10,000 (വികസന ഫണ്ട് ജനറൽ-6,10,000, ജില്ല പഞ്ചായത്ത്-1,00,000, മെയിന്റനൻസ് ഫണ്ട് (റോഡിതരം) -1,00,000 | |
| ചെലവ് | 7,23,777 (വികസന ഫണ്ട് ജനറൽ-5,26,397, ജില്ല പഞ്ചായത്ത്-97,380,<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം) -1,00,000 | |
| ഫണ്ടിനം | വികസന ഫണ്ട് -ജനറൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| കൈമാറിയ തുകയും പ്രൊഫോർമ ഇൻവോയ്സ് നമ്പരും | 1,13,423 (PRF3603/ 12.02.2025) | 1,00,000 (PRF3390/ 01.02.2025) |
| വൗച്ചർ നം. തീയതി. | **42401545 / 11.03.2025** | 42401577 / 14.02.2025 |
| ലഭിച്ച മരുന്നുകളുടെ മൂല്യവും ഇൻവോയ്സ് നമ്പരും | ലഭിച്ചിട്ടില്ല | ലഭിച്ചിട്ടില്ല |
| ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെയും ഉപകരണങ്ങളുടെയും മൂല്യം | 1,13,423 | 1,00,000 |

2)

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ (43/25) |
| അടങ്കൽ | 1,50,000 – മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 1,50,000 |
| കൈമാറിയ തുകയും പ്രൊഫോർമ ഇൻവോയ്സ് നമ്പരും | 1,50,000 (PRF 1819/ 01.11.2024) |
| വൗച്ചർ നം. തീയതി. | 42401619/ 04.01.25 |
| ലഭിച്ച മരുന്നുകളുടെ മൂല്യവും ഇൻവോയ്സ് നമ്പരും | ലഭിച്ചിട്ടില്ല |
| ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം | 1,50,000/- |

3)

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | അതിദാരിദ്ര്യനിർമ്മാർജ്ജനം മരുന്ന് വാങ്ങൽ – (163/25) |
| അടങ്കൽ | 50,000 – വികസന ഫണ്ട് |

| | |
|---|---|
| | (ജനറൽ) |
| ചെലവ് | 50,000 |
| കൈമാറിയ തുകയും പ്രൊഫോർമ ഇൻവോയ്സ് നമ്പരും | 31,689 (PRF5306/22.03.2024) |
| വൗച്ചർ നം. തീയതി. | 42401451 / 25.05.2024 |
| ലഭിച്ച മരുന്നുകളുടെ മൂല്യവും ഇൻവോയ്സ് നമ്പരും | ലഭിച്ചിട്ടില്ല |
| ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം | 31,689 |

4)

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പരും | മരുന്ന് വാങ്ങൽ – ജനറൽ മെഡിസിൻ (44/25) |
| അടങ്കൽ | 1,50,000 – മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 1,50,000 |
| കൈമാറിയ തുകയും പ്രൊഫോർമ ഇൻവോയ്സ് നമ്പരും | 1,50,000 (PRF2400/07.12.2024) |
| വൗച്ചർ നം. തീയതി. | **42401620 / 04.01.2025** |
| ലഭിച്ച മരുന്നുകളുടെ മൂല്യവും ഇൻവോയ്സ് നമ്പരും | ലഭിച്ചിട്ടില്ല |
| ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം | 1,50,000 |

മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 13/12.11.2025)

## 1-17 ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ -വാങ്ങലുകളിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

| | |
|---|---|
| പ്രൊജക്റ്റ് | 258/25 - കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |
| ആകെ അടങ്കൽ | ₹3,28,432 |
| ആകെ ചെലവ് | ₹2,86,227 |
| ഫണ്ട് | ഹെൽത്ത് ഗ്രാന്റ് |
| വൗച്ചർ നം. | 42401682 / 31.03.2025 - 1,15,896,<br>42401302/ 31.03.2025 - 4,980 |

മേൽ പ്രോജക്റ്റ് പ്രകാരം ആരോഗ്യ ഉപകേന്ദ്രങ്ങളിലേക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ, ഫാഷൻ ഗിഫ്റ്റ്സ്, വെങ്കിടങ്ങ് എന്ന സ്ഥാപനത്തിൽ താഴെ കൊടുത്തിട്ടുള്ള ബില്ലുകൾ പ്രകാരം വാങ്ങിയിട്ടുണ്ട്.

Bill No. 24 B2C- 6863 / 07.03.3025 - 4,965

Bill No. 24 B2C- 6862 / 07.03.3025 - 4,937

Bill No. 24 B2C- 6747 / 01.03.3025 - 4,900

Bill No. 24 B2C- 6748 / 01.03.3025 - 4,900

Bill No. 24 B2C- 7009 / 14.03.3025 - 4,130

Bill No. 24 B2C- 7008 / 14.03.3025 - 4,980

സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 7.2 പ്രകാരം ആകെ ആവശ്യകതയുടെ മതിപ്പ് മൂല്യം കണക്കാക്കുമ്പോൾ ഉന്നതാധികാരികളുടെ അംഗീകാരം ആവശ്യമുള്ള വാങ്ങലുകളിൽ, ആയത് ഒഴിവാക്കുവാനായി ഭാഗികമായി വാങ്ങലുകൾ നടത്തുവാൻ ആവശ്യകതയെ ചെറിയ ഘടകങ്ങളാക്കി വിഭജിക്കുവാൻ പാടില്ല എന്ന നിഷ്കർഷിയ്ക്കുന്നുണ്ട്. ഒരു പ്രോജക്റ്റ് പ്രകാരം ഒരേ സ്ഥാപനത്തിലേയ്ക്ക് ഇപ്രകാരം സാധനങ്ങളുടെ വാങ്ങൽ നടത്തുമ്പോൾ ഒരേ കടയിൽ നിന്നും ചെറിയ ഘടകങ്ങളാക്കി വിഭജിച്ച് വാങ്ങൽ നടത്തിയത് ശരിയായ നടപടിയല്ല.

സ.ഉ.(അച്ചടി)നം.7/19/എസ്.പി.ഡി. തീയതി 26.04.2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക ഇനം GeM-ൽ ലഭ്യമല്ലാത്തതിനാലോ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർ പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ തുടങ്ങിയവ) ആയത് വാങ്ങാവുന്നതാണ്.

പ്രോജക്റ്റ് വിഭാവനം ചെയ്ത വേളയിൽ തന്നെ കൃത്യമായ ആവശ്യകതാനിർണ്ണയം നടത്താതിരുന്നാൽ ഇത്തരത്തിലുള്ള വിഭജിച്ച് വാങ്ങലിന് സാധ്യതയുണ്ട്. ആവശ്യകതാനിർണ്ണയം കൃത്യമായി നടത്തുവാനും വാങ്ങൽ നടപടികൾ സ്വീകരിക്കുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം നടത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.15/12.11.2025)

## 1-18 ലോഗ്ബുക്ക്- അപാകങ്ങൾ

മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-46 X-2918 മഹീന്ദ്ര ബൊലേറോ എന്ന വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് കൃത്യമായി ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഫുൾടാങ്ക് ഇന്ധനം നിറക്കുന്നതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

2) യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥൻ കൃത്യമായി ലോഗ്ബുക്കിൽ ഒപ്പുവയ്ക്കുന്നില്ല. വാഹനത്തിന്റെ കസ്റ്റോഡിയൻ യാത്രകൾ സാക്ഷ്യപ്പെടുത്തുന്നില്ല.

3) വാഹനരജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

30.06.2007 തീയതിയിലെ ജി.ഒ.(എം.എസ്.)നം.170/07/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വാഹനവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വാഹനങ്ങളുടെ ഉപയോഗത്തിലും പരിപാലനത്തിലും സർക്കാർ ഉത്തരവുകളിലെ

നിർദ്ദേശങ്ങൾ പാലിക്കേണ്ടതും രേഖകളുടെ സൂക്ഷിപ്പ് കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.19/13.11.2025)

## 1-19 എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകം-ജി.എസ്.ടി. അനുവദിച്ചത് നിയമാനുസൃതമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എൻജിനീയർ

പ്രോജക്ട് നം.173/25-ദുരന്ത നിവാരണം- പൊതു കുളങ്ങളുടെയും, തോടുകളുടെയും സംരക്ഷണം (സ്പിൽ ഓവർ)

എസ്റ്റിമേറ്റ് നമ്പർ---53197/23

തൻവർഷം വകയിരുത്തിയ തുക --4,316

തൻവർഷം ചെലവഴിച്ച തുക --4,316

പ്രോജക്ടിന്റെ ആകെ ചെലവ്-- 1,86,591

വൗച്ചർ നം--42400258/03.07.2024 --4,316

42301302/26.03.2024 --1,82,275 (117/24 നം.പ്രോജക്ട്)

ഈ പ്രവൃത്തിയിൽ തോട് വൃത്തിയാക്കുന്നതിനായി കുളവാഴ, ചണ്ടി എന്നിവ നീക്കം ചെയ്യുന്നതിനും, ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് ആഴം വർദ്ധിപ്പിച്ച് ജലപ്രവാഹം സുഗമമാക്കുന്നതിന് 20 സെന്റീമീറ്റർ ആഴത്തിൽ മണ്ണ് കുഴിക്കുന്നതിനും ഉള്ള പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത്. മണ്ണ് കുഴിക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനം Dsr Data 2.8.1 ആണ് 296.98/M$^3$ നിരക്കുള്ള ഈ ഇനം 1.5 മീറ്റർ വരെ വീതിയിൽ മണ്ണ് കുഴിക്കുന്നതിനുള്ളതാണ്. പ്രവൃത്തിയിലുൾപ്പെട്ട കാടച്ചാൽ തോട് 350m നീളത്തിലും 3 മീറ്റർ വീതിയിലും, തിരുവോണം തോട് 298m നീളത്തിലും 2.5m വീതിയിലും കുഴിച്ചതിൽ യഥാക്രമം 210m$^3$, 149m$^3$ എന്നിങ്ങനെ ആകെ 359m$^3$ മണ്ണ് കുഴിച്ചെടുത്തതിന് കരാറുകാരനായ ശ്രീ.ചന്ദ്രൻ.പി.കെ എന്നയാൾക്ക് ക്വാട്ട് ചെയ്ത നിരക്കായ 291.04/ M$^3$ നിരക്കിൽ 1,04,483 രൂപ ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. 1.5 മീറ്ററിൽ അധികരിക്കുന്ന മണ്ണ് കുഴിക്കൽ പ്രവൃത്തികൾക്ക് DSR Data 2.6.1 പ്രകാരം നൽകാവുന്ന നിരക്ക് 214.03 രൂപയാണ്. ഗ്രാമപഞ്ചായത്ത് നഗരസഞ്ചയ പദ്ധതി പ്രകാരം നടത്തിയ കാടത്തോട് സംരക്ഷണ പ്രവൃത്തിയിൽ ഈ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2% കുറവ് നിരക്കിലാണ് ഈ ഇനം കരാറുകാരൻ ക്വാട്ട് ചെയ്തിട്ടുള്ളത് എന്നതിനാൽ 214.03 ന്റെ 2% കുറവായ 209.74 രൂപ നിരക്കിൽ കരാറുകാരന് അനുവദിക്കാവുന്നത് 75,296 രൂപയാണ്. കരാറുകാരന് 1,04,483 രൂപയും (359m$^3$ X291.04=1,04,483)ജി.എസ്.ടി 18% 18,806 രൂപയും കൂടി 1,23,290 രൂപയാണ് അനുവദിച്ചിട്ടുള്ളത്. 47,994 രൂപ(1,23,290-75,296) അനുവദിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ വിവിധ തോടുകളിലേയും കനാലുകളിലേയും പുല്ല്, ചണ്ടി, കുളവാഴ, മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കി ആഴം വർദ്ധിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കുന്നതിനായി വിഭാവനം ചെയ്ത് നടപ്പിലാക്കിയതാണ് ഈ പ്രോജക്ട്. എന്നാൽ ചരക്കുകളുടെ വിനിമയമൊന്നും തന്നെയില്ലാത്ത ഈ പ്രവൃത്തിയ്ക്ക് 18% ജി.എസ്.ടി. കൂടിയുൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതുപ്രകാരം ആകെ പ്രവൃത്തിമൂല്യമായ 1,58,127 രൂപയുടെ 18% ജി എസ് ടി തുകയായ 28,462 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) തീയ്യതി 28/06/2017, സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) എന്നിവ പ്രകാരം ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള സേവനങ്ങൾക്ക് കേന്ദ്ര, സംസ്ഥാന ജി.എസ്.ടി നല്കേണ്ടതില്ല എന്ന് വ്യക്തമാക്കുന്നുണ്ട്. (*Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods ) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution).* ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation, Water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്ന വിഷയങ്ങളാണ്. ആയതിനാൽ പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവനങ്ങളുമായി ബന്ധപ്പെട്ട ഈ പ്രവൃത്തിക്ക് കരാറുകാരന് ജി.എസ്.ടി അനുവദിക്കേണ്ടതില്ലാത്തതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 5/7.11.2025) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.